"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - മേലെ ചൊവ്വ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വേർഡ് പേഴ്സണായ ശ്രീ. സന്തോഷ് കുമാർ കെ.കെ (ഐ.പി നമ്പർ 5402297618) സമർപ്പിച്ച മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിം അനുവദിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.487/2024/LBR തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:-
1. ശ്രീ. സന്തോഷ് കുമാർ കെ.കെ 25.02.2023 തീയതിയായി സമർപ്പിച്ച മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ.
2. മേലെ ചൊവ്വ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസറുടെ 02.03.2023 ലെ 399/2022 നമ്പർ കത്ത്.
3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 22.07.2023 ലെ MRC2-3725/2022/DIMS നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മേലെ ചൊവ്വ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വേർഡ് പേഴ്സണായ ശ്രീ. സന്തോഷ് കുമാർ കെ.കെ (ഐ.പി നമ്പർ 5402297618) യുടെ ചികിത്സക്ക് കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചെലവായ 35,99,107/- രൂപ റീ ഇംബേഴ്സ് ചെയ്ത് നൽകണം എന്ന് അഭ്യർത്ഥിച്ച് പരാമർശം - 1 പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു. ഇ.എസ്.ഐ മെഡിക്കൽ മാന്വലിലെ ചട്ടം 23.2(d) പ്രകാരം മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള ക്ലെയിമുകൾ 1 വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതുണ്ടെന്നും എന്നാൽ ശ്രീ. സന്തോഷ് കുമാറിന്റെ ഭാര്യ സർക്കാർ സർവീസിലുള്ളവരുടെ ആശ്രിതരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ലഭിക്കുന്നതിനായി അപേക്ഷ സമർക്കുകയും ടി ക്ലെയിം പാസ്സാകാത്ത സാഹചര്യത്തിൽ ഐ പിയുടെ പേരിലുള്ള ESI മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അപേക്ഷ സമർപ്പിച്ചപ്പോൾ കാലതാമസമുണ്ടായെന്നും ഇക്കാര്യത്തിൽ അനുവദനീയമായ തുക 12,18,525/- രൂപയാണെന്നും പരാമർശം - 3 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മേലെ ചൊവ്വ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വേർഡ് പേഴ്സണായ ശ്രീ. സന്തോഷ് കുമാർ കെ.കെ (ഐ.പി നമ്പർ 5402297618) വളരെ ഗുരുതരാവസ്ഥയിലാണ് ചികിത്സ തേടിയത് എന്നത് കണക്കിലെടുത്ത് അപേക്ഷ

സമർപ്പിക്കുവാൻ വന്ന കാലതാമസം മാപ്പാക്കി ടിയാന്റെ ചികിത്സയ്ക്ക് (കോവിഡ് ന്യുമോണിയ,V V ECMO) 29/03/2021 മുതൽ 28/05/2021 വരെ കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചെലവായ തുകയിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിരിക്കുന്ന തുകയായ 12,18,525/- രൂപ (പന്ത്രണ്ട് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) 2210-01-102-96-03(NP) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം (ഒറിജിനൽ ബില്ലുകൾ സഹിതം)
ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, മേലെ ചൊവ്വ. (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന).
ശ്രീ. സന്തോഷ് കുമാർ കെ.കെ., പാറകണ്ടി, പുതിയ പുരയിൽ ഹൗസ് പി.ഒ., മുണ്ടേരി, കണ്ണൂർ - 670591
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 08-04-2024 16:28:57

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.